**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2558** **24-06-2024 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ ബാംബൂ വ്യവസായ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ബാംബു വ്യവസായത്തെ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനുമായി ഈ സർക്കാർ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിവരിക്കാമോ; | (എ) | കേരളത്തിലെ പരമ്പരാഗത ഗ്രാമ വ്യവസായ മേഖലകളിലൊന്നായ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടേയും, സംരംഭകരുടേയും ജീവിത നിലവാരം ഉയർത്തുന്നതിനും മുളയും അനുബന്ധ മേഖലകളിലുമുള്ള സംരംഭകത്വ പ്രക്രിയയും, പുതുമയും ത്വരിതപ്പെടുത്തുന്നതിനും വേണ്ടി 2003 ൽ സംസ്ഥാന ബാംബൂ മിഷൻ വ്യവസായ വകുപ്പിന് കീഴിൽ രൂപീകരിച്ച്, തിരുവനന്തപുരത്ത് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ (കെ-ബിപ്പ്) പ്രവർത്തിച്ചു വരുന്നു.<br><br>മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശലക്കാരുടെ ഉന്നമനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ മുഖേന നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.<br><br>കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന പരിശീലനം നൽകുന്നു.<br><br>കരകൗശലക്കാരുടെ കഴിവുകൾ മനസ്സിലാക്കി അനുയോജ്യമായ നൈപുണ്യ വികസനം /ഉൽപ്പന്ന ഗുണമേന്മ എന്നിവ വർദ്ധിപ്പിക്കു ന്നതിനായുള്ള പരിശീലനം നൽകുന്നു.<br><br>പരിശീലകർക്കുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.<br><br>കരകൗശല വസ്തുക്കൾ നിർമ്മിക്കു ന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നു.<br><br>പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| | | | മുള അനുബന്ധ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തു ന്നതിനായി ദേശീയ അന്തർ ദേശീയ വിപണന മേളകളിൽ കരകൗശല ക്കാരെ പങ്കെടുപ്പിക്കുന്നു.<br><br>മുള ഉല്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.<br><br>കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനത്തെ സംരക്ഷിക്കുന്നതിനും നവീകരിക്കു ന്നതിനുമായി അങ്കമാലിയിലെ ബാംബൂ ബോർഡ് ഫാക്ടറിയിൽ ക്രഷ്ഡ് ബാംബൂ ബോർഡ് / സ്റ്റാൻഡ് വോവൻ ബോർഡ് എന്ന പുതിയ പ്രോഡക്ടിന്റെ ഉല്പാദനം ആരംഭിക്കുന്നതിനായുള്ള പദ്ധതി തയ്യാറാക്കി വരുന്നു.<br><br>മൂന്നാർ, കോതമംഗലം, മാനന്തവാടി എന്നിവിടങ്ങളിൽ NBM ന്റെ സഹായത്തോടെ മുളയധിഷ്ഠിത ഉത്പന്നങ്ങളുടേയും കരകൗശല വസ്തുക്കളുടെയും പ്രദർശനവും വിപണനവും ലക്ഷ്യമിട്ട് ബാംബൂ ബസാറുകൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ ബാംബൂ കോർപ്പറേഷൻ പൂർത്തീകരിച്ചു വരുന്നു.<br><br>മുളയധിഷ്ഠിത ഉത്പന്നങ്ങളുടേയും കരകൗശല വസ്തുക്കളുടെയും നിർമ്മാണത്തിൽ പരിശീലനം നൽകുന്നതിനായി കോത മംഗലത്ത് നാഷണൽ ബാംബൂ മിഷന്റെ സഹായത്തോടെ ഇന്നോവേഷൻ സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കി യിട്ടുണ്ട് .<br><br>മുള ഉപയോഗിച്ചുള്ള ഇക്കോ കൺസ്ട്രക്ഷൻ മേഖലയിൽ സർക്കാർ അംഗീകാരമുള്ള ഏജൻസി ആയി രജിസ്റ്റർ ചെയ്യുന്നതിന് ഹൗസിങ് ബോർഡുമായി ചേർന്ന് കരാർ ഉണ്ടാക്കുന്നതിന് ഹൗസിങ് ബോർഡിനെ സമീപിച്ചിട്ടുണ്ട്. |
| (ബി) | ഈ മേഖലയിൽ നിന്ന് തൊഴിലാളികൾ നിർമ്മാണ മേഖലയിലേയ്ക്ക് കുടിയേറുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഈ മേഖലയുമായി ബന്ധപ്പെട്ട തൊഴിലാളികൾ വലിയതോതിൽ മറ്റ് തൊഴിലുകളിലേയ്ക്ക് മാറി പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്)-ന് കീഴിൽ കേരള സ്റ്റേറ്റ് ബാംബു മിഷൻ രൂപം കൊണ്ടതിനുശേഷം ഈ മേഖലയുടെ ഉന്നമനത്തിനായി നടത്തിയ ഇടപെടലുകൾ വിവരിക്കാമോ; | (സി) | മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശലക്കാരുടെയും വിദഗ്ധരുടേയും ഉന്നമനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.<br><br>മുള ഉൽപ്പന്ന നിർമ്മാണ പരിശീലന പരിപാടികളും നൈപുണ്യ വികസന പരിശീലന പരിപാടിയും.<br><br>പരിശീലകർക്കുള്ള പരിശീലന പരിപാടി |

| | | | |
|---|---|---|---|
| | | | പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം<br><br>കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന തിനുള്ള സാങ്കേതിക സഹായം<br><br>വിവിധ ബോധവൽക്കരണ പരിപാടികൾ<br><br>വാർഷിക മേളയായ ബാംബൂ ഫെസ്റ്റ്<br><br>ദേശീയ അന്തർ ദേശീയ വിപണന മേളകളിൽ പങ്കെടുപ്പിക്കുക<br><br>ബാംബൂ ഇന്നവേഷൻ സെന്റർ<br><br>നാഷണൽ ബാംബൂ മിഷൻ പദ്ധതികൾ |
| (ഡി) | ബാംബൂ വ്യവസായത്തിൽ ആധുനിക ഉപകരണങ്ങളും യന്ത്രങ്ങളും ഉപയോഗിക്കുന്നതിൽ പരിശീലനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | സംസ്ഥാനത്ത് മുളമേഖലക്ക് വേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ, അങ്കമാലിയിലെ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പരിസരത്ത് ബാംബൂ ഇന്നവേഷൻ സെന്റർ സ്ഥാപിച്ച് സംസ്ഥാനത്തെ മുളമേഖലയുടെ വികസനത്തിനായുള്ള ഒരു റിസോഴ്സ് സെന്ററായിട്ടാണ് ബാംബൂ ഇന്നവേഷൻ സെന്റർ പ്രവർത്തിക്കുന്നത്. പുതിയ മാതൃകകൾ ഉണ്ടാക്കുവാനും അത് പഠിപ്പിക്കുവാനുമുള്ള സംവിധാനം, ആധുനിക ഉപകരണങ്ങളും യന്ത്രങ്ങളും ഉപയോഗിക്കുന്നതിൽ പരിശീലനം, നിലവിലുള്ള കരകൗശലക്കാരുടെ നൈപുണ്യം വിലയിരുത്തി, അതിനെ അടിസ്ഥാനമാക്കി പരിശീലന പരിപാടികൾ തയ്യാറാക്കുക തുടങ്ങിയവയാണ് ബാംബൂ ഇന്നവേഷൻ സെന്ററിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ.<br><br>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈന്റെ (NID) സഹകരണത്തോ ടെയുള്ള വിവിധ ഫർണിച്ചർ, കരകൗശല പരിശീലന പരിപാടികൾക്ക് പുറമെ കേരള ബാംബൂ മിഷൻ പരിശീലകരായി തെരഞ്ഞെടുത്ത കരകൗശല പ്രവർത്തകരെ ഉൾപ്പെടുത്തി വിവിധ പരിശീലന പരിപാടികളും ഡിസൈൻ ഡവലപ്പമെൻറ് വർക്ക്ഷോപ്പുകളും ബാംബൂ ഇന്നവേഷൻ സെന്ററിൽ സംഘടിപ്പിച്ച് വരുന്നു.<br><br>കൂടാതെ, ബാംബൂ മേഖലയിലെ തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നടത്താനും അത് വഴി മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന തിനുമായി എറണാകുളം കോതമംഗലത്ത് ലിവ്‌ലിഹുഡ് ബിസിനസ് ഇൻക്യൂബേഷൻ സെന്റർ എന്ന സ്ഥാപനത്തിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | ബാംബൂ വ്യവസായത്തിനാവശ്യമായ മുള വ്യാവസായികമായി ഉല്പാദിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (ഇ) | ഉണ്ട്. |

സെക്ഷൻ ഓഫീസർ